## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2544 12/03/2020-ൽ മറുപടിക്ക്

### എംപ്ലോയബിലിറ്റി സെന്ററുകൾ

**ചോദ്യം**
ശ്രീ.കെ.എൻ.എ.ഖാദർ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ എവിടെയൊക്കെയാണ്; ഇതുവഴി നൽകുന്ന സേവനങ്ങൾ വിശദീകരിക്കാമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിൽ, നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ കാസർഗോഡ് എന്നിവിടങ്ങളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം ആകെ 10 എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂളുകൾ ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം നൽകുന്നു. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകി വരുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇവ കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ? | (ബി) | എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാണ്. 2020 ജനുവരി അടിസ്ഥാനമാക്കി എംപ്ലോയബിലിറ്റി സെന്ററുകളിൽ 1,93,062 പേർ രജിസ്റ്റർചെയ്യുകയും പരിശീലനം നൽകിയ 1,24,143 ഉദ്യോഗാർത്ഥികളിൽ 57750 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായ് 1534 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാനുള്ള ശേഷിക്കുന്ന ജില്ലകളായ തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ കൂടി വരും വർഷങ്ങളിൽ സർക്കാർ വക സ്ഥലം/കെട്ടിടം, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കനുസരിച്ച് എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**